**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1287** **11-09-2023 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി-മട്ടന്നൂർ എയർപോർട്ട് നാലുവരിപ്പാത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിനോട് അനുബന്ധിച്ച് കുറ്റ്യാടി-മട്ടന്നൂർ എയർപോർട്ട് നാലുവരിപ്പാതയുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ; | (എ) | **കുറ്റ്യാടി-മട്ടന്നൂർ എയർപോർട്ട് റോഡിന്റെ ഭാഗമായ പെരിങ്ങത്തൂർ മുതൽ മട്ടന്നൂർ വരെയുള്ള റോഡിന്റെ സ്ഥലം ഏറ്റെടുക്കുന്നതിനായി കിഫ്ബിയിൽ നിന്നും 25/04/2023-ൽ 591.03 കോടി രൂപയുടെ സാമ്പത്തിക അനുമതി ലഭ്യമാക്കിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിന്റെ ഭാഗമായി 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് അലൈൻമെന്റ് കല്ല് സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിന്റെ ഭാഗമായി റവന്യൂ , കെ.ആർ.എഫ്.ബി - പി.എം.യു എന്നിവരുടെ സംയുക്ത സ്ഥല പരിശോധന പുരോഗതിയിലാണ്** |
| (ബി) | പ്രസ്തുത പദ്ധതിയുടെ സ്ഥലം ഏറ്റെടുക്കൽ നടപടിക്രമങ്ങൾ വേഗത്തിലാക്കാൻ വകുപ്പ് നടപടികൾ സ്വീകരിക്കുമോ; | (ബി) | **കുറ്റ്യാടി-മട്ടന്നൂർ എയർപോർട്ട് റോഡിന്റെ ഭാഗമായ പെരിങ്ങത്തൂർ മുതൽ മട്ടന്നൂർ വരെയുള്ള റോഡിന്റെ സ്ഥലം ഏറ്റെടുക്കുന്നതിനായി കിഫ്ബിയിൽ നിന്നും 25/04/2023-ൽ 591.03 കോടി രൂപയുടെ സാമ്പത്തിക അനുമതി ലഭ്യമാക്കിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിന്റെ ഭാഗമായി 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് അലൈൻമെന്റ് കല്ല് സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിന്റെ ഭാഗമായി റവന്യൂ ,കെ.ആർ.എഫ്.ബി - പി.എം.യു എന്നിവരുടെ സംയുക്ത സ്ഥല പരിശോധന പുരോഗതിയിലാണ്** |
| (സി) | സ്ഥലം ഏറ്റെടുക്കുന്നതിന് കിഫ്ബി മുഖാന്തിരം അനുവദിച്ച ഫണ്ടിന്റെ വിശദാംശം നൽകാമോ? | (സി) | കുറ്റ്യാടി മട്ടന്നൂർ എയർപോർട്ട് റോഡിന്റെ ഭാഗമായ പെരിങ്ങത്തൂർ മുതൽ മട്ടന്നൂർ വരെയുള്ള 53.15 കിലോമീറ്റർ റോഡ് നാലുവരിയായി വികസിപ്പിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിലേയ്ക്കായി 25.04.2023- **ൽ** 591.03 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ